(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയ (IPPE)-യുടെ പരിധിയിൽ വരാത്ത 102 ബ്ലോക്കുകളിൽ സംസ്ഥാന സർക്കാർ 2008 ഒക്ടോബർ മാസത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അയൽക്കൂട്ടതലം മുതൽ ജില്ലാ പഞ്ചായത്തുതലംവരെ ചർച്ച ചെയ്ത് ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കുന്നതിനുള്ള പ്രക്രിയ നടന്നുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് 2014 ഡിസംബർ 31-നകം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണ്. ഈ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പ് സംസ്ഥാനത്ത് എല്ലാ ബ്ലോക്കുകളിലും പുരോഗമിച്ചുവരുന്നു.

കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിടം

64 (1500) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായിട്ടില്ല.

(ബി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കാവുന്നതാണ്.

പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന (പി.എം.ജി.എസ്.വൈ.)

65 (1501) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന (പി.എം.ജി.എസ്.വൈ.) പദ്ധതിയിൽ സംസ്ഥാനത്ത് 2012-13, 2013-14 എന്നീ വർഷങ്ങളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly